# സാമ്പിൾ ചോദ്യപ്പേപ്പർ

# സോഷ്യൽ സയൻസ്



# പാഠ്യപദ്ധതി ഉദ്ദേശ്യങ്ങൾ

- മുതലാളിത്തത്തിന്റെ വികാസവും കോളനിവൽകരണവും തമ്മിലുള്ള  ബന്ധത്തെക്കുറിച്ച് വായനാസാമഗ്രികൾ,രേഖകൾ ഭൂപടങ്ങൾ തുടങ്ങിയവയിൽ നിന്ന് വിവരങ്ങൾ ശേഖരിച്ച് ചർച്ചയിലൂടെ പ്രകടിപ്പിക്കുന്നതിന്.
- സാമ്രാജ്യത്വം ദേശീയതക്ക് വഴി വെച്ചതിനെക്കുറിച്ചും അതിന്റെ സ്വാധീനത്തെക്കുറിച്ചും വിവരങ്ങൾ ശേഖരിച്ച് നിഗമനത്തിലെത്തുന്നതിന്.
- ദേശീയത, ആക്രമണോത്സുക ദേശീയതയായി പരിണമിക്കുന്നതിനെക്കുറിച്ചും സാമ്രാജ്യത്വത്തിനെതിരെ ഏഷ്യയിലും ആഫ്രിക്കയിലും നിരവധി പ്രക്ഷോഭങ്ങൾ ഉണ്ടാകാനിടയായ സാഹചര്യത്തെക്കുറിച്ചും വിവരങ്ങൾ ശേഖരിക്കുന്നതിന്, ശേഖരിച്ച വിവരങ്ങൾ വിവിധ രൂപത്തിൽ അവതരിപ്പിക്കുന്നതിന്.
- സാമ്രാജ്യത്വ രാജ്യങ്ങൾ ഭൂപ്രദേശങ്ങൾക്കുവേണ്ടി നടത്തിയ മത്സരം, അതിരു കവിഞ്ഞ ദേശീയതയുടെ അനന്തരഫലം എന്നിവ വായനാ സാമഗ്രികളുടെ സഹായത്തോടെ കണ്ടെത്താനും ചർച്ചകളിൽ അവതരിപ്പിക്കാനും.
- ഒന്നാം ലോകമഹായുദ്ധം സാമ്രാജ്യത്വ യുദ്ധമായിരുന്നുവെന്നും അതിന്റെ സാങ്കേതിക വിദ്യ, കര-നാവിക -വ്യോമ മണ്ഡലങ്ങൾ,ടാങ്ക്- അന്തർവാഹിനികൾ, വിമാനങ്ങൾ തുടങ്ങിയവ ആദ്യമായി ഉപയോഗിക്കപ്പെട്ടത്, യുദ്ധത്തിന്റെ ഗതി തുടങ്ങിയവ സംബന്ധിച്ച് ധാരണയിലെത്തുന്നതിന്. കൂടുതൽ വിവരങ്ങൾ ദൃശ്യ മാധ്യമങ്ങൾ, ഫോട്ടോകൾ, ചിത്രങ്ങൾ, സ്മാരകങ്ങൾ, വായനാ സാമഗ്രികൾ, സി.ഡി. റോം എന്നിവയിലൂടെ ശേഖരിക്കുന്നതിന്. ശേഖരിച്ച വിവരങ്ങൾ അന്വേഷണക്കുറിപ്പിൽ ചേർക്കുന്നതിന്.
- സോഷ്യലിസ്റ്റ്-ജനാധിപത്യ ആശയങ്ങളുടെയും തൊഴിലാളി വർഗ്ഗ മുന്നേറ്റത്തിന്റെയും സ്വാധീനമുൾക്കൊണ്ട് നടന്ന ഇന്ത്യ, റഷ്യ, അയർലന്റ് ജർമ്മനി, തുർക്കി എന്നിവിടങ്ങളിലെ വിപ്ലവ ങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ വ്യത്യസ്ത സ്രോതസ്സുകളിൽ നിന്ന് ശേഖരിക്കുന്നതിനും ഇതിന്റെ അടിസ്ഥാനത്തിൽ വിപ്ലവങ്ങളുടെ ആശയത്തെ ചരിത്രപരമായി വിശകലനം ചെയ്യുന്നതിനും ഇവ റിപ്പോർട്ട് ആയി അവതരിപ്പിക്കുന്നതിനും
- ഫാസിസം, നാസിസം, അവയുടെ രീതി ശാസ്ത്രം, ജനാധിപത്യ ധ്വംസ നവും ഏകാധിപത്യ സ്ഥാപനവും ഹിറ്റ്ലറും മുസ്സോളിനിയും ഫ്രങ്കോയും  സ്പെയിനും എന്നിവയെക്കുറിച്ച് വായനാസാമഗ്രികൾ, സി.ഡി.റോം, ഇന്റർനെറ്റ് എന്നിവയിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുന്നതിന്, ശേഖരിച്ച വിവരങ്ങളെ ആധാരമാക്കി റിപ്പോർട്ട് തയ്യാറാക്കുന്നതിന്
- സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ രാഷ്ട്രീയ രംഗത്തുണ്ടായ വികാസ പരിണാമങ്ങളെക്കുറിച്ച് വിവിധ വായനാസാമഗ്രികളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുന്നതിനും കുറിപ്പുകൾ തയ്യാറാക്കുന്നതിനും.
- പഞ്ചശീലതത്വം, ചേരിചേരാനയം, വിവിധരാജ്യങ്ങളുമായുള്ള ബന്ധങ്ങൾ തുടങ്ങി ഭാരതത്തിന്റെ  വിദേശ നയവുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിവിധ വായാനാ സാമഗ്രികളിൽ നിന്ന് വിവരശേഖരണം നടത്തി സെമിനാർ പേപ്പർ തയ്യാറാക്കുന്നതിന്.
- വിവിധ ലോകസംഘടനകളിൽ ഇന്ത്യയുടെ പങ്കാളിത്തത്തെക്കുറിച്ച് വിവിധ വായനാസാമഗ്രികളിൽ നിന്ന് വിവരങ്ങൾ ശേഖരിച്ച് ധാരണ നേടുന്നതിന്.
- പോർച്ചുഗീസുകാർ, ഡച്ചുകാർ തുടങ്ങിയ യൂറോപ്യന്മാരുടെ ആഗമനത്തെക്കുറിച്ചും അവർക്കെതിരെ നടന്ന ചെറുത്തു നിൽപ്പിനെക്കുറിച്ചും വിവരങ്ങൾ ശേഖരിക്കുന്നതിനും ശേഖരിച്ച വിവരങ്ങളെ ആസ്പദമാക്കി കുറിപ്പുകൾ, ഫ്ളോചാർട്ടുകൾ എന്നിവ നിർമിക്കുന്നതിനും.
- പോർച്ചുഗീസ്, ഡച്ചുബന്ധം കേരളത്തിന്റെ സാമ്പത്തിക സാംസ്കാരിക മേഖലകളിൽ ചെലുത്തിയ സ്വാധീനത്തെക്കുറിച്ച് വിവരശേഖരണം നടത്തി നിഗമനങ്ങൾ രൂപീകരിക്കുന്നതിന്.
- കേരളീയ സാമൂഹ്യജീവിതത്തെ പുരോഗതിയി ലേക്ക് നയിക്കുന്നതിന് നവോത്ഥാന നായകർ വഹിച്ച പങ്കിനെക്കുറിച്ച് വിവരശേഖരണം നടത്തി ലേഖനങ്ങൾ, പതിപ്പ്, ആൽബം എന്നിവയിലൂടെ ആവിഷ്ക്കരിക്കുന്നതിന്

- കേരളത്തിലെ ദേശീയസ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന് ഊർജ്ജം നൽകിയ വർത്തമാന പത്രങ്ങളെക്കുറിച്ച് വിവരം ശേഖരിക്കുന്നതിന്. സാമൂഹ്യപുരോഗതിയിൽ വർത്തമാനപത്രങ്ങൾ വഹിക്കുന്ന പങ്ക് വിലയിരുത്തി ലേഖനം തയാറാക്കുന്നതിന്.
- സാമൂഹീകരണ പ്രക്രിയയെ കുറിച്ചും ബാല്യകാല സാമൂഹീകരണം, കൗമാര സാമൂഹീകരണം, തുടർച്ച യായ സാമൂഹീകരണം എന്നിവയെക്കുറിച്ചും പുസ്തകവായനയിലൂടെ വിവരങ്ങൾ ശേഖരിക്കുന്നതിനും ചർച്ച ചെയ്ത് കുറിപ്പ് തയാറാക്കുന്നതിനും
- സാമൂഹീകരണ പ്രക്രിയയിലെ വിവിധ ഏജൻ സികളെക്കുറിച്ച് (കുടുംബം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ ,മാധ്യമങ്ങൾ, മതം തുടങ്ങിയവ) വിവിധ വായനാസാമഗ്രികളിൽ നിന്നും അഭിമുഖങ്ങൾ, നടത്തിയും വിവ രങ്ങൾ ശേഖരിച്ച് ചർച്ചക്കളിൽ പ്രകടിപ്പിക്കുന്നതിന്.
- ജനാധിപത്യത്തെക്കുറിച്ചുള്ള നിർവ്വചനങ്ങൾ വായനാസാമഗ്രികളിൽ നിന്നും ശേഖരിച്ച് വില യിരുത്തുന്ന തിനും സവിശേഷതകൾപട്ടികപ്പെടുത്തുന്നതിനും വിവിധ രാജ്യങ്ങളിൽ നിലനിന്നിരുന്ന ജനാധിപത്യ ഭരണ സമ്പ്രദായങ്ങളെക്കുറിച്ച് വിവരം ശേഖരിച്ച് ചർച്ച ചെയ്യുന്നതിനും പ്രത്യക്ഷജനാധിപത്യം, പ്രാതിനിധ്യ ജനാധിപത്യം എന്നിവയെക്കുറിച്ച് കുറിപ്പ് തയാറാക്കുന്നതിനും.
- മനുഷ്യാവകാശങ്ങളും അതിന്റെ സംരക്ഷണവുമായി ബന്ധപ്പെട്ട് വിവിധ സ്രോതസ്സുകളിൽ നിന്ന് വിവര ശേഖരണം നടത്തുന്നതിനും ചർച്ചകളിലും സംവാദങ്ങളിലും പങ്കെടുക്കുന്നതിനും മനുഷ്യാവകാശം എന്തെന്ന് നിർവ്വചിക്കുന്നതിനും
- യു എൻ ചാർട്ടർ, മനുഷ്യാവകാശ പ്രഖ്യാപനം, മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള മറ്റ് അന്താ രാഷ്ട്ര ശ്രമങ്ങൾ എന്നിവയെ സംബന്ധിച്ച് വായനാ സാമഗ്രികളിൽ നിന്നും സി.ഡി റോമുകളിൽ നിന്നും വിവരശേഖരണം നടത്തി ധാരണ നേടുന്നതിന്, മനുഷ്യാവകാശപ്പതിപ്പ് തയാറാക്കുന്നതിന്.
- സംസ്ഥാന-ദേശീയ മനുഷ്യാവകാശ കമ്മീഷനുകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് പത്രമാധ്യമങ്ങളിൽ നിന്ന് വിവരം ശേഖരിച്ച് വിവിധ രീതിയിൽ അവതരിപ്പിക്കുന്നതിന്.
- ലോകമാനവ വർഗങ്ങളെക്കുറിച്ചും അവയുടെ വിതരണത്തെക്കുറിച്ചും വായനാസാമഗ്രികൾ, ഇന്റർനെറ്റ് എന്നിവയിലൂടെ വിവരശേഖരണം നടത്തുന്നതിനും ശേഖരിച്ച വിവരങ്ങളെ അടിസ്ഥാനമാക്കി പ്രോജക്റ്റു കൾ തയാറാക്കുന്നതിനും.
- ദേശീയ അന്തർദേശീയ തലത്തിൽ നടക്കുന്ന ദേശാന്തരഗമനത്തെക്കുറിച്ചും അതിനു കാരണമാകുന്ന ഘട കങ്ങളെക്കുറിച്ചും റിപ്പോർട്ടുകൾ, സ്ഥിതിവിവരക്കണക്കുകൾ, മറ്റ് വായനാസാമഗ്രികൾ എന്നിവയിലൂടെ വിവരശേഖരണം നടത്തി സെമിനാറുകൾ, ചർച്ചകൾ എന്നിവയിലൂടെ അവതരിപ്പിക്കുന്നതിനും.
- മനുഷ്യനും സമുദ്രവും തമ്മിലുള്ള ബന്ധത്തെയും സമുദ്രങ്ങൾ മനുഷ്യ ജീവിതത്തിൽ ചെലുത്തുന്ന സ്വാധീ നത്തെയും കുറിച്ച് വായനാസാമഗ്രികൾ, ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ എന്നിവയിലൂടെ വിവരം ശേഖരിക്കു ന്നതിനും ശേഖരിച്ച വിവരങ്ങൾ പ്രോജക്ട്, ചർച്ച എന്നിവയിലൂടെ അവതരിപ്പിക്കുന്നതിനും.
- അറ്റ്ലസ്, ഭൂപടങ്ങൾ, വായനാസാമഗ്രികൾ എന്നിവയിലൂടെ സമുദ്രജലത്തിന്റെ സവിശേഷതകളെക്കുറിച്ചും വിവിധ ചലനങ്ങളെക്കുറിച്ചും അവ പരിസ്ഥിതിയിൽ വരുത്തുന്ന മാറ്റങ്ങളെക്കുറിച്ചും വിവരശേഖരണം നട ത്തുന്നതിനും ചാർട്ടുകൾ, പ്രോജക്റ്റ്, ചർച്ചകൾ എന്നിവയിലൂടെ അവതരിപ്പിക്കുന്നതിനും പ്രായോഗിക ജീവിതത്തിൽ ഇവയുടെ പ്രസക്തിയെക്കുറിച്ചുള്ള സംവാദങ്ങളിൽ ഏർപ്പെടുന്നതിനും.
- ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ, വായനാസാമഗ്രികൾ എന്നിവയിലൂടെ ഭൂഖണ്ഡ രൂപീകരണത്തെ സംബന്ധിച്ച വിവിധ സിദ്ധാന്തങ്ങൾ അന്വേഷിച്ചറിയുന്നതിനും പുതിയ സിദ്ധാന്തങ്ങളുടെ സാധ്യതയെക്കുറിച്ച് അനു കൂല മനോഭാവം പ്രകടിപ്പിക്കുന്നതിനും.
- അഭിമുഖങ്ങൾ, ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾ, മ്യൂസിയങ്ങൾ എന്നിവയിലേക്കുള്ള സന്ദർശനം, ഇന്റർനെറ്റ് എന്നിവയിലൂടെ വിവരശേഖരണം നടത്തി ഭൂമിശാസ്ത്ര പഠനത്തിൽ വിദൂരസംവേദനത്തിന്റെ പ്രസക്തി മനസ്സിലാക്കുന്നതിനും വിദൂരസംവേദന സാങ്കേതിക വിദ്യയിൽ അവലംബിക്കുന്ന രീതികളെക്കു റിച്ചും ഉപകരണങ്ങളെക്കുറിച്ചും ധാരണ നേടുന്നതിനും ഭൂപരമായ വിവരങ്ങൾ കാലാനുസൃതമായും വ്യക്ത മായും ശേഖരിക്കുന്നതിൽ വിദൂരസംവേദനത്തിന്റെ പങ്ക് കണ്ടെത്തുന്നതിനും ഭൂമിശാസ്ത്രപഠനം കൂടു തൽ ശാസ്ത്രീയവും സമൂഹഗന്ധിയുമാക്കുന്നതിന് ശാസ്ത്രസാങ്കേതികമേഖലകളുടെ വികാസം ഉപയോ ഗപ്പെടുത്തുന്നതിനുള്ള അനുകൂല മനോഭാവം പ്രകടിപ്പിക്കുന്നതിനും.
- വായനാസാമഗ്രികൾ, ഇന്റർനെറ്റ് എന്നിവയിലൂടെ വിവരശേഖരണം നടത്തി ഭൂവിവര വ്യവസ്ഥ(GIS)യുടെ പ്രസക്തി മനസ്സിലാക്കുന്നതിനും ലോകത്തിലെ സമസ്ത മേഖലകളിലെയും സംഭവങ്ങളും പ്രതിഭാസ

ങ്ങളും സ്ഥാനീയമായി രേഖപ്പെടുത്തുന്നതിനും ഇവയുടെ വിശകലനത്തിലൂടെ വിവിധ പ്രദേശങ്ങളുടെയും വിഭവങ്ങളുടെയും കാലാനുസൃതമായ പ്രവണതകൾ കണ്ടെത്തുന്നതിനും മാനവരാശിയുടെ നിലനിൽപിന് സഹായകമാംവിധത്തിലുള്ള ദീർഘവീക്ഷണപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും സഹായകമാണിതെന്ന് കണ്ടെത്തി ഈ വിദ്യ സ്വായത്തമാക്കുന്നതിലുള്ള അനുകൂല മനോഭാവം പ്രകടിപ്പിക്കുന്നതിനും.

- വായനാസാമഗ്രികൾ, ദൃശ്യമാധ്യമങ്ങൾ, പഠനയാത്രകൾ, അറ്റ്ലസുകൾ എന്നിവയുടെ സഹായത്തോടെ ഇന്ത്യയുടെ ഭൗതികവിഭാഗങ്ങൾ, അപവാഹം, കാലാവസ്ഥ, മണ്ണ് ഇവയാൽ സൃഷ്ടിക്കപ്പെട്ട നൈസർഗിക സസ്യജാലങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരശേഖരണം നടത്തുന്നതിനും ശേഖരിച്ച വിവരങ്ങളെ ഭൂപടങ്ങൾ, മാതൃകകൾ എന്നിവയിലൂടെ പ്രദർശിപ്പിക്കുന്നതിനും പ്രോജക്റ്റുകളിലൂടെ അവതരിപ്പിക്കുന്നതിനും.
- ഇന്ത്യയിൽ ലഭ്യമായിട്ടുള്ള പ്രകൃതി വിഭവങ്ങളെക്കുറിച്ചും ഇവയുടെ വിതരണം, ഉപയോഗക്രമം, അപചയം, സംരക്ഷണത്തിന്റെ അനിവാര്യത എന്നിവയെക്കുറിച്ച് സ്ഥിതി വിവരക്കണക്കുകൾ, റിപ്പോർട്ടുകൾ, അറ്റ്ലസുകൾ എന്നിവയിലൂടെ വിവരശേഖരണം നടത്തി ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെമിനാറുകൾ, ചർച്ചകൾ, മാതൃകകൾ എന്നിവയിലൂടെ ആവിഷ്കരിക്കുന്നതിനും.
- കാർഷിക സ്ഥിതിവിവരക്കണക്കുകൾ, റിപ്പോർട്ടുകൾ, അഭിമുഖം, പഠനയാത്രകൾ എന്നിവയിലൂടെ ഇന്ത്യയുടെ കാർഷിക പരിസ്ഥിതി, കാർഷിക സവിശേഷതകൾ, വിവിധ തരം വിളകൾ എന്നിവയെക്കുറിച്ച് വിവരശേഖരണം നടത്തുന്നതിനും ഇന്ത്യയിലെ കാർഷിക പ്രശ്നങ്ങൾ അന്വേഷിച്ചറിഞ്ഞ് നിഗമനങ്ങൾ രൂപപ്പെടുത്തുന്നതിനും, ശേഖരിച്ച വിവരങ്ങളെ അടിസ്ഥാനമാക്കി പ്രോജക്റ്റുകൾ, ഭൂപടങ്ങൾ, കാർഷിക കലണ്ടറുകൾ എന്നിവ നിർമിക്കുന്നതിനും.
- നമ്മുടെ രാജ്യത്തിൽ ലഭ്യമായിട്ടുള്ള ധാതുഊർജ വിഭവങ്ങൾ, അവയുടെ വിതരണം, ചൂഷണം, ഇന്ത്യൻ സമ്പദ്ഘടനയിൽ ഇവയുടെ പ്രാധാന്യം എന്നിവയെക്കുറിച്ച് വായനാസാമഗ്രികൾ, സ്ഥിതിവിവരക്കണക്കുകൾ തുടങ്ങിയവയിലൂടെ വിവിരശേഖരണം നടത്തി ഭൂപടങ്ങൾ, പ്രോജക്റ്റുകൾ എന്നിവയിലൂടെ ആവിഷ്ക്കരിക്കുന്നതിനും.
- റിപ്പോർട്ടുകൾ, സ്ഥിതിവിവരക്കണക്കുകൾ, ഇയർബുക്കുകൾ എന്നിവയിലൂടെ ഇന്ത്യൻ വ്യവസായരംഗത്തെ വളർച്ചാവികാസത്തെക്കുറിച്ച് വിവരശേഖരണം നടത്തുന്നതിനും ഇവയ്ക്ക് നിദാനങ്ങളായ ഭൂമിശാസ്ത്ര ഘടകങ്ങളെക്കുറിച്ച് നിഗമനങ്ങളിൽ എത്തിച്ചേരുന്നതിനും, ഇവ വിശകലനം ചെയ്ത് സെമിനാറുകൾ, ചർച്ചകൾ എന്നിവയിലൂടെ ആവിഷ്കരിക്കുന്നതിനും.
- ഇന്ത്യയുടെ ജനസംഖ്യ മറ്റു രാജ്യങ്ങളുമായി സ്ഥിതി വിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ താരതമ്യം ചെയ്ത് റിപ്പോർട്ട് തയാറാക്കുന്നതിന്.
- ജനസംഖ്യാ വർദ്ധനവ് ഇന്ത്യയിലും കേരളത്തിലും ഒരു താരതമ്യപഠനം നടത്തി കുറിപ്പ് തയാറാക്കുന്നതിന്.
- ആനുകാലിക പ്രസിദ്ധീകരണങ്ങൾ, വിവിധ വായനാ സാമഗ്രികൾ എന്നിവയിൽനിന്നും പൊതുധനകാര്യം, പൊതുധനകാര്യഘടകങ്ങൾ എന്നിവയെപ്പറ്റി വിവരശേഖരണം നടത്തി കുറിപ്പുകൾ തയാറാക്കുന്നതിന്.
- വിവിധ മാധ്യമങ്ങളിൽനിന്ന് ബജറ്റിനെക്കുറിച്ച് വിവരങ്ങൾ ശേഖരിക്കുന്നതിനും സ്ഥിതി വിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ ബജറ്റിനെ അവലോകനം ചെയ്യുന്നതിന്, നിഗമനങ്ങൾ രൂപപ്പെടുത്തുന്നതിന്; ഗവൺമെന്റിന്റെ ധനകാര്യനയത്തെ (Fiscal Policy) ക്കുറിച്ച് ധാരണ നേടുന്നതിന്.
- വിവിധ വായനാസാമഗ്രികൾ, സി.ഡി റോം എന്നിവയിൽനിന്നും അന്താരാഷ്ട്ര സാമ്പത്തിക സ്ഥാപനങ്ങളായ (IMF, W.B, W.T.O, A.D.B) എന്നിവയെക്കുറിച്ചും ഈ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളും ലക്ഷ്യങ്ങളും കണ്ടെത്തി കുറിപ്പുകൾ തയ്യാറാക്കുന്നതിന്.
- ദേശീയവരുമാനം കണക്കാക്കുന്ന വിവിധ രീതികളെക്കുറിച്ച് ധാരണ നേടുന്നതിന്, ദേശീയവരുമാനം കണക്കാക്കുന്നതിനുള്ള ബുദ്ധിമുട്ടുകളും ചർച്ച ചെയ്ത് നിഗമനങ്ങൾ രൂപപ്പെടുത്തി അവതരിപ്പിക്കുന്നതിന്.
- ബിസിനസ്സ് സ്ഥാപനത്തിലെ വരവ്-ചെലവ് കണക്കുകൾ രേഖപ്പെടുത്തുന്ന ക്യാഷ് ബുക്കിന്റെ പ്രാധാന്യം, രേഖപ്പെടുത്തൽ എന്നിവയെക്കുറിച്ച് ധാരണ നേടുന്നതിന്; സ്കൂളിലെ വിവിധ സാമ്പത്തിക പ്രവർത്തനങ്ങളെ അക്കൗണ്ട് ചെയ്യുന്നതിന്; ദൈനംദിന ജീവിതത്തിൽ ഇതിന്റെ പ്രാധാന്യം തിരിച്ചറിയുന്നതിന്.



# ചിന്താപ്രക്രിയകൾ

1 Retrieves/recollects /retells information

2 Readily makes connections to new information based on past experience and formulates initial ideas/ concepts.

3 Detects similarities and differences

4 Classifies/categories/ organises information appropriately

5 Translates/ Transfer knowledge/ understanding and applies them in new situations

6 Establishes cause- effect relationship

7 Makes connection/ relates prior knowledge to new information/applies reasoning and draw inferences.

8 Communicates knowledge/understanding through different media

9 Imagines/ fantasises/designs/predicts based on received information.

10 Judges/appraises/evaluates the merits or demerits of an idea/ develops own solutions to a problem.

# സോഷ്യൽ സയൻസ്

സ്റ്റാൻഡേർഡ് X

സ്കോർ - 100

സമയം 2½ മണിക്കൂർ

നിർദേശങ്ങൾ

- എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദേശങ്ങൾ വായിച്ചു മനസ്സിലാക്കി വേണം ഉത്തരമെഴുതാൻ.
- ഓരോ ചോദ്യത്തിനുമുള്ള സ്കോർ അതതു ചോദ്യത്തിനു നേരേ നല്കിയിരിക്കുന്നു.

---

1. 'സൂയസ് കനാൽ പ്രതിസന്ധി അന്താരാഷ്ട്ര രാഷ്ട്രീയ രംഗത്ത് സോവിയറ്റ് യൂണിയന്റെ അന്തസ്സും സ്വാധീനവും ഏറെ ഉയർത്തിക്കാട്ടി' ഈ പ്രസ്താവനയോട് നിങ്ങൾ എങ്ങനെ പ്രതികരിക്കുന്നു? (4)

2. കടൽവെള്ളം ശുദ്ധീകരിച്ച് കുടിവെള്ളമാക്കാനുള്ള ഒരു പദ്ധതിക്ക് കേരളാ ഗവണ്മെന്റ് രൂപം നൽകുന്നുവെന്ന് കരുതുക. ഇതിനായി സമുദ്രജല സ്വേദനം, വൈദ്യുതവിശ്ലേഷണം എന്നീ രണ്ട് മാർഗങ്ങൾ നിലവിലുണ്ട്. ഇതിൽ ഏത് മാർഗമാണ് നിങ്ങൾ നിർദ്ദേശിക്കുന്നത്? എന്തുകൊണ്ട്? (5)

3. 'മുതലാളിത്തത്തിന്റെ വൈകല്യങ്ങളും വൈരുധ്യങ്ങളുമാണ് തൊഴിലാളി സംഘടനകളുടെ ഉദയത്തിന് കാരണമായത്'. ഈ പ്രസ്താവനയ്ക്ക് നിദാനമായ വസ്തുതകൾ കണ്ടെത്തുക. (4)

4. വിനോദ സഞ്ചാരവേളയിൽ ഒരു സ്ഥലത്തെത്തിയപ്പോൾ ദാമു കൂട്ടുകാരനോട് ഇങ്ങനെ അഭിപ്രായപ്പെട്ടു – 'ഈ പ്രദേശം സ്ഥിതിചെയ്യുന്നത് ഫലകസീമയിലാണ്'. ദാമു ഇങ്ങനെ ഒരു നിഗമനത്തിലെത്തിയത് എന്തിന്റെ അടിസ്ഥാനത്തിലായിരിക്കും? (4)

5. 'ഇന്ത്യയുടെ വിദേശനയം വൈദേശികമല്ല. അതു പൂർണമായും സ്വദേശീയവും ഇന്ത്യൻ യാഥാർഥ്യങ്ങളിൽ വേരുറച്ചതുമാണ്'. ഈ പ്രസ്താവനയുടെ വെളിച്ചത്തിൽ അമേരിക്കയോടും സോവിയറ്റ് യൂണിയനോടും ഇന്ത്യയ്ക്കുണ്ടായിരുന്ന ബന്ധത്തിന്റെ വിവിധ വശങ്ങൾ താരതമ്യം ചെയ്യുക. (4)


6. (എ) തുടർച്ചയായ ആകാശീയ ഛായാചിത്രങ്ങളിലെ മൂന്നാമത്തെയും ആറാമത്തെയും ചിത്രങ്ങളെ ചേർത്ത് 'സ്റ്റീരിയോപെയർ' എന്ന് വിളിക്കാൻ സാധിക്കുമോ? നിങ്ങളുടെ നിഗമനത്തെ സാധൂകരിക്കുക.

   (ബി) ആകാശീയ വിദൂര സംവേദനം ഇന്ന് വ്യാപകമായി ഉപയോഗിക്കുന്നില്ല. ഇത് സൂചിപ്പിക്കുന്നത് വിദൂര സംവേദനത്തോടുള്ള ശാസ്ത്രലോകത്തിന്റെ താൽപര്യക്കുറവിനെയാണോ? വിലയിരുത്തുക. (5)


7. **ബി.എസ്.എൻ.എൽ ദേശസാത്കരിക്കുന്നു**

   തന്ത്രപ്രധാനമായ വ്യവസായ സംരംഭങ്ങൾ ഗവണ്മെന്റിന്റെ ഉടമസ്ഥതയിലായിരിക്കണമെന്ന ജവഹർലാൽ നെഹ്റുവിന്റെ കാഴ്ചപ്പാടിനോട് മുകളിൽകൊടുത്തിട്ടുള്ള പത്രവാർത്ത എത്രത്തോളം യോജിക്കുന്നു. നിങ്ങളുടെ അഭിപ്രായത്തെ സാധൂകരിക്കുക. (4)

8. താഴെ കൊടുത്തിരിക്കുന്ന ചിത്രത്തിൽ ഷെയ്ഡ് ചെയ്തിരിക്കുന്ന മാതൃക അനുസരിച്ച് മറ്റുകളങ്ങൾ പൂർത്തിയാക്കുക. (3)




9. ചുവടെ കൊടുത്തിരിക്കുന്ന ഫ്ളോ ചാർട്ട് പൂർത്തിയാക്കുക. (2)




10. 'ഇന്ത്യ വിഭവങ്ങൾ' എന്ന യൂണിറ്റിനെ ആസ്പദമാക്കി ഒരു ഗ്രൂപ്പ് തയാറാക്കിയ പട്ടികയാണ് ചുവടെകൊടുത്തിട്ടുള്ളത്. പട്ടികയിലെ വിവരങ്ങളെ ഇന്ത്യയുടെ ഭൂപ്രകൃതിയുമായി ബന്ധപ്പെടുത്തിയാൽ എത്തിച്ചേരാവുന്ന നിഗമനങ്ങൾ എന്തെല്ലാം? (5)

| സംസ്ഥാനങ്ങൾ | ധാതുവിഭവങ്ങൾ | | | കൃഷി | | വ്യവസായം |
|---|---|---|---|---|---|---|
| | ഇരുമ്പയിര് | മാംഗനീസ് | കൽക്കരി | ഗോതമ്പ് | ചോളം | ഇരുമ്പയിര് |
| പഞ്ചാബ് | | | | | | |
| മഹാരാഷ്ട്ര | | | | | | |
| ബീഹാർ | | | | | | |
| ഛത്തീസ്ഗഡ് | | | | | | |
| ഒറീസ | | | | | | |
| മധ്യപ്രദേശ് | | | | | | |

11. ബോക്സിൽ കൊടുത്തിട്ടുള്ള വിവരങ്ങൾ ഉൾപ്പെടുത്തി 'ടൈം ലൈൻ' പൂർത്തിയാക്കുക. 'ടൈംലൈൻ' വിശകലനം ചെയ്താൽ എത്തിച്ചേരുന്ന നിഗമനം എന്താണ്? (6)




- ഫ്രഞ്ച് മനുഷ്യാവകാശ പ്രഖ്യാപനം
- ഇംഗ്ലണ്ടിലെ അവകാശ ഉടമ്പടി
- ആഗോള മനുഷ്യാവകാശ പ്രഖ്യാപനം
- മാഗ്നാകാർട്ട
- ഐക്യരാഷ്ട്ര സഭയുടെ രൂപീകരണം
- മനുഷ്യാവകാശ സംരക്ഷണ നിയമം

12. ചുവടെ സൂചിപ്പിച്ചിട്ടുള്ള ഭൂവിവരങ്ങളെ നിങ്ങൾക്കു നൽകിയിട്ടുള്ള ഇന്ത്യയുടെ രൂപരേഖയിൽ അടയാളപ്പെടുത്തുക.

(എ) ഭിലായി

(ബി) തൂത്തുക്കുടി

(സി) ആരവല്ലി

(ഡി) മഹാനദി

(ഇ) ബംഗാൾ ഉൾക്കടൽ മുതൽ ഹിമാലയം വരെ വ്യാപിച്ചിരിക്കുന്ന സംസ്ഥാനം

(എഫ്) ദക്ഷിണ റെയിൽവെയുടെ ആസ്ഥാനം (4)

13. 'കൊളോണിയൽ ഭരണകാലത്ത് കേരളത്തിൽ ഭക്ഷ്യോത്പാദനം ഗണ്യമായി കുറയുകയും നാണ്യവിളക ളുടെ ഉത്പാദനം വർദ്ധിക്കുകയും ചെയ്തു'. ഈ സാഹചര്യത്തിന്റെ പിന്നിലെ വസ്തുത പരിശോധിക്കുക. (4)

14. ഇന്ത്യയുടെ പൊതുകടം അനുദിനം വർദ്ധിച്ചുവരുന്നു. ഇതിൽ ചുവടെ സൂചിപ്പിച്ചിട്ടുള്ള ഘടകങ്ങളുടെ സ്വാധീനം എത്രത്തോളമുണ്ടെന്ന് വിശകലനം ചെയ്യുക.

- വിദേശവ്യാപാരം
- ജനസംഖ്യ
- ജനക്ഷേമപ്രവർത്തനങ്ങൾ
- പ്രതിരോധം

OR

നിങ്ങളുടെ പഞ്ചായത്തിന്റെ വികസന പദ്ധതി ആസൂത്രണം ചെയ്യുന്നതിന് ഒരു ജനസംഖ്യാ കണക്കെടുപ്പ് നടത്തുവാൻ തീരുമാനിച്ചു. ഇതിനായി എന്തൊക്കെ വിവരങ്ങളാണ് ശേഖരിക്കേണ്ടത്? ആവശ്യമായ വിവ രങ്ങൾ ലഭിക്കുന്നതിന് അനുയോജ്യമായ ഒരു സർവ്വേ ഫോറം തയാറാക്കുക. (8)

15. ഒന്നും രണ്ടും ലോകമഹായുദ്ധകാലത്ത് ഒരേ ചേരിയിൽ നിൽക്കുകയും തന്ത്രപ്രധാനമായ അന്തർദേശിയ പ്രശ്നങ്ങളിൽ സമാനമായ ധാരണയിൽ എത്തുകയും ചെയ്ത സോവിയറ്റ് യൂണിയനും അമേരിക്കയും ശീതസമരത്തിലേർപ്പെടാനുണ്ടായ സാഹചര്യം വിലയിരുത്തുക. (4)

16. ബാലുവിന്റെ ബിസിനസ് സ്ഥാപനത്തിലെ ഒരു മാസത്തെ ഇടപാടുകളാണ് ക്യാഷ് ബുക്കിൽ രേഖപ്പെടു ത്തിയിട്ടുള്ളത്. രേഖപ്പെടുത്തൽ പരിശോധിച്ച് തെറ്റുണ്ടെങ്കിൽ തിരുത്തി ഒരു ക്യാഷ് ബുക്ക് തയാറാക്കുക. (4)


| ഡെബിറ്റ് | | | ക്രെഡിറ്റ് | | |
|---|---|---|---|---|---|
| തീയതി | ഇടപാടുകൾ | തുക | തീയതി | ഇടപാടുകൾ | തുക |
| 2006 ജനു 1 | മുന്നിരിപ്പ് | 4,500 | 2006 ജനു 2 | ലോൺ എടുത്തു | 20,000 |
| ജനു 5 | സാധനങ്ങൾ വിറ്റു | 1,500 | ജനു 10 | കമ്മിഷൻ ലഭിച്ചു | 1,000 |
| ജനു 6 | പലിശ നൽകി | 600 | ജനു 15 | സാധനങ്ങൾ വാങ്ങി | 15,000 |
| ജനു 22 | സാധനങ്ങൾ വിറ്റു | 1,800 | ജനു 25 | കൂലി നൽകി | 600 |
| ജനു 28 | ഫർണിച്ചർ വാങ്ങി | 1,200 | | | |
| ജനു 31 | നീക്കിയിരിപ്പ് | 27,000 | | | |
| | ആകെ | 36,600 | | ആകെ | 36,600 |

17. 'എ' കോളത്തിൽ കൊടുത്തിട്ടുള്ളവയോട് ഏറ്റവും അനുയോജ്യമായവ ബി, സി കോളങ്ങളിൽ നിന്ന് എടു ത്തെഴുതുക. (6)

| എ | ബി | സി |
|---|---|---|
| സെന്റ് ജർമെയ്ൻ | പോങ്യാങ് | ബെൽഗ്രേഡ് |
| റഷ്യ | പഞ്ചസാര കിണ്ണം | മിസൈൽ പ്രതിസന്ധി |
| പോട്സ് ഡാം | 1961 | സിയോൾ |
| യൂഗോസ്ലാവിയ | നൂതന സാമ്പത്തിക നയം | ലെനിൻ |
| കെന്നഡി | ഒന്നാം ലോക മഹായുദ്ധം | ജപ്പാനിൽ നിരായുധീകരണം |
| കൊറിയ | യുദ്ധകാല കമ്യൂണിസം | ആസ്ട്രിയ-ഹംഗറി |

18. ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നും നിർബന്ധിത കുടിയേറ്റങ്ങളെക്കുറിച്ചുള്ള നിരവധി വാർത്തകൾ പത്രങ്ങളിലൂടെ നാം അറിയുന്നുണ്ട്. ഇത്തരം കുടിയേറ്റങ്ങളും അവയുടെ കാരണങ്ങളും ഉൾപ്പെടുത്തി ഒരു പട്ടിക തയാറാക്കുക. (4)

19.




ഈ പത്രവാർത്തകളുടെ പശ്ചാത്തലത്തിൽ ഐക്യരാഷ്ട്ര സംഘടന നേരിടുന്ന പ്രതിസന്ധികൾ വിശകലനം ചെയ്യുക.

ഏതെങ്കിലും നാല് യു.എൻ. ഏജൻസികളുടെ പ്രവർത്തനങ്ങൾ സമകാലിക ലോക പശ്ചാത്തലത്തിൽ വിലയിരുത്തുക.

OR

രണ്ടാം ലോകമഹായുദ്ധത്തിന് മുമ്പ് ജർമനിയൽ നാസിസവും ഇറ്റലിയിൽ ഫാസിസവും അധികാരത്തിലെത്തുന്നതിന് വേഴ്സായി സന്ധിയിലെ വ്യവസ്ഥകൾ കാര്യമായ പങ്കുവഹിച്ചിട്ടുണ്ടോ? നിങ്ങളുടെ നിഗമനത്തെ സാധൂകരിക്കുക. (8)

20. എ, ബി കോളങ്ങളിൽ നൽകിയിട്ടുള്ള ജല പ്രവാഹങ്ങളിൽ നിന്ന് ഒന്നുവീതം തെരഞ്ഞെടുക്കൂ. അവ താരതമ്യം ചെയ്ത് അർത്ഥമുള്ള ഏതെങ്കിലും രണ്ട് സമാനതകളും, രണ്ട് വൈജാത്യങ്ങളും എഴുതുക. (5)

| എ | ബി |
|---|---|
| കുറോഷിയോ | ലാബ്രഡോർ |
| ഗൾഫ് സ്ട്രീം | കാനറീസ് |
| ഒയാഷിയോ | അഗുൽഹാസ് |

21. ഒരു കേന്ദ്രീകൃത ഭരണസമ്പ്രദായത്തിന്റെ അഭാവം മധ്യകാല കേരളത്തിൽ വിവിധ അധികാരപ്പടവുകൾ സൃഷ്ടിക്കുന്നതിന് കാരണമായത് എങ്ങിനെയെന്ന് പരിശോധിക്കുക. (4)

22. 3 ലക്ഷം രൂപ വിലയുള്ള ഒരു വാഹനം ഒരു വർഷം ഉപയോഗിച്ചു. 1,10,000 രൂപ വരുമാനുണ്ടാക്കി. ഒരു വർഷത്തെ ഉപയോഗത്തിനുശേഷം വാഹനം വിറ്റപ്പോൾ 2,35,000 രൂപ ലഭിച്ചു.

പ്രസ്താവനയെ അടിസ്ഥാനമാക്കി ചുവടെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

(എ) മൊത്തവരുമാനം എത്ര?

(ബി) അറ്റവരുമാനം എത്ര?

(സി) തേയ്മാനം എത്ര? (3)

## CLUSTER OF UNITS

| SS I | | SS II | |
|---|---|---|---|
| **Area** | **Units** | **Area** | **Units** |
| 1 | 1,2,3,4,5 | 1 | 1 |
| 2. | 6,7 | 2 | 2 |
| 3. | 8,9,10 | 3 | 3 |
| 4 | 11 | 4 | 4 |
| 5 | 12,13 | 5 | 5,6,7 |
| | | 6 | 8 |
| | | 7 | 9,10,11 |
| | | 8 | 12 |

## WEIGHTAGE TO AREAS (Cluster of Units)

| SS I | | SS II | |
|---|---|---|---|
| **Area** | **Score** | **Area** | **Score** |
| 1 | 20 | 1 | 4 |
| 2 | 6 | 2 | 10 |
| 3 | 12 | 3 | 4 |
| 4 | 5 | 4 | 5 |
| 5 | 7 | 5 | 12 |
| | | 6 | 3 |
| | | 7 | 8 |
| | | 8 | 4 |

## Weightage to type of questions

| Sl.No. | Type of Questions | SS I Score | SSII Score | Total score | Percentage |
|---|---|---|---|---|---|
| 1. | Objective type | 11 | 6 | 26 | 26 |
| 2. | Short answer type | 25 | 18 | 40 | 40 |
| 3. | Essay type | 14 | 18 | 26 | 26 |
| 4. | Map work | - | 8 | 8 | 8 |
| | **Total** | **50** | **50** | **100** | **100** |

# സോഷ്യൽ സയൻസ് I
# BLUE PRINT
# Std IX

| Sl.No | Unit/ COs | Objective | Short Ans. | Essay | Others | Total score | Time (mts) |
|---|---|---|---|---|---|---|---|
| SS I<br>1. | 1,2,3,4,5,6,7,9,11,14 | 1(5) | 2(7) | 1(8) | - | 4(20) | 32 |
| 2. | 28, 29 | | | 1(6) | | 1(6) | 9 |
| 3. | 36,37,38,39,40,41,45,46 | 1(5) | 2(7) | | | 3(12) | 18 |
| 4 | 54,55 | 1(5) | | | | 1(5) | 8 |
| 5 | 64,65,66,67 | 1(5) | 1(2) | | | 2(7) | 10 |
| SS II<br>1 | 1,2 | | 1(4) | | | 1(4) | 6 |
| 2 | 4,5 | 1(5) | 1(5) | | | 2(10) | 15 |
| 3 | 6 | | 1(4) | | | 1(4) | 6 |
| 4 | 7,8 | 1(2) | 1(3) | | | 3(12) | 18 |
| 5 | 9,10,11,12,13 | 1(4) | 1(4) | | 1(4) | 3(12) | 18 |
| 6 | 15,16,17 | | 1(3) | | | 1(3) | 5 |
| 7 | 19,20,21,24 | | | 1(8) | | 1(8) | 12 |
| 8 | 29 | | 1(4) | | | 1(4) | 6 |
| | | **7(29)** | **12(43)** | **3(22)** | **1(6)** | **23(100)** | **150** |

# സോഷ്യൽ സയൻസ്

സ്റ്റാൻഡേർഡ് X | സ്കോർ - 100
സമയം 2½ മണിക്കൂർ

## മൂല്യനിർണയ സൂചകങ്ങൾ

| നം. | | സ്കോർ | ആകെ സ്കോർ |
|---|---|---|---|
| 1 | സൂയസ് കനാൽ പ്രതിസന്ധി വിവരണം<br>ഇസ്രയേൽ ഈജിപ്ത് ആക്രമണം<br>അന്താരാഷ്ട്ര രംഗത്ത് പ്രതിസന്ധി (ബ്രിട്ടൻ, ഫ്രാൻസ്, റഷ്യ)<br>സോവിയറ്റ് യൂണിയന്റെ നിലപാട് സാമ്രാജ്യത്വ ശക്തികളെ യുദ്ധത്തിൽ നിന്ന് പിന്തിരിയാൻ സഹായിച്ചു.<br>ശീതസമരത്തിന് ആക്കം കൂട്ടി<br>നിഗമനത്തിലെത്തിച്ചേരുന്നതിന് | 1<br>½<br>½<br>1<br>1 | 4 |
| 2 | സമുദ്രജലസ്വേദനം- വൈദ്യുത വിശ്ലേഷണം എന്നിവ വിവരിക്കുന്നതിന്<br>സമുദ്രജല സ്വേദനം- മെച്ചപ്പെട്ട മാർഗം എന്ന് വേർതിരിച്ചറിയുന്നതിന്.<br>കാരണം കാണിക്കുന്നതിന്. | 2<br>1<br>2 | 5 |
| 3 | മുതലാളിത്തത്തിന്റെ സ്വഭാവം വ്യക്തമാക്കുന്നതിന്<br>വിവിധ തൊഴിലാളി സംഘടനകൾ ചൂണ്ടിക്കാണിക്കുന്നതിന്<br>പരസ്പരബന്ധം കണ്ടെത്തി നിഗമനത്തിലെത്തുന്നതിന് | 1<br>2<br>1 | 4 |
| 4 | ഫലകചലനങ്ങളുടെ ഫലമായി രൂപം കൊള്ളുന്ന ഭൂരൂപങ്ങളെയോ ഭൗമപ്രവർത്തനങ്ങളെയോ വേർതിരിച്ചറിയുന്നതിന്<br>(ഏതെങ്കിലും നാലെണ്ണം എഴുതുന്നതിന്) | 4 | 4 |
| 5 | ഇന്ത്യയുടെ വിദേശനയം (ചേരിചേരാനയം) വ്യക്തമാക്കുന്നതിന്<br>അമേരിക്കയോടും റഷ്യയോടുമുള്ള സമദൂരകാഴ്ചപ്പാട്<br>താരതമ്യം ചെയ്യുന്നതിന് | 1<br>2<br>1 | 4 |
| 6 | എ. സാധിക്കില്ല എന്ന് കണ്ടെത്തുന്നതിന്<br>സ്റ്റീരിയോ പെയർ എന്താണെന്ന് തിരിച്ചറിയുന്നതിന് | 1<br>1 | 2 |
| | ബി. ആകാശ വിദൂരസംവേദനത്തിന്റെ ഏതെങ്കിലും രണ്ടു പരിമിതികൾ എഴുതുന്നതിന്. ഉപഗ്രഹസംവേദനത്തിന്റെ സാധ്യത വർദ്ധിച്ചുവരുന്നു എന്ന് നിഗമനം രൂപപ്പെടുത്തുന്നതിന്. | 2<br>1 | 5 |
| 7 | അഭിപ്രായത്തിന്<br>ഉദാഹരണത്തിന്<br>എന്തുകൊണ്ട് എന്ന് എഴുതുന്നതിന് | 1<br>1<br>2 | 4 |
| 8 | ഏതെങ്കിലും ഒരു പോഷകനദി അനുയോജ്യമായ കോളങ്ങളിൽ അടയാളപ്പെടുത്തുന്നതിന്. (½ സ്കോർ വീതം)<br>കാവേരി, ഗംഗ എന്നിവയുടെ ഉദ്ഭവസ്ഥാനങ്ങൾ തിരിച്ചറിഞ്ഞ് അടയാളപ്പെടുത്തുന്നതിന്. (½ സ്കോർ വീതം)<br>കാവേരി, സിന്ധു എന്നീ നദികൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തുന്നതിന്. (½ സ്കോർ വീതം) | 1<br>1<br>1 | 3 |
| 9 | ഔപചാരിക സംവിധാനങ്ങൾ.<br>പോലീസ്, കോടതി, ജയിൽ ഇവയിൽ രണ്ടെണ്ണം എഴുതുന്നതിന് (½ സ്കോർ വീതം) | 1 | |

## മൂല്യനിർണയ സൂചകങ്ങൾ

| നം. | | സ്കോർ | ആകെ സ്കോർ |
|---|---|---|---|
| | അനൗപചാരിക സംവിധാനങ്ങൾ നിയമം, ബലപ്രയോഗം, ഔപചാരികശിക്ഷ ഇവയിൽ രണ്ടെണ്ണം എഴുതുന്നതിന് (½ സ്കോർ വീതം) | 1 | 2 |
| 10 | തന്നിട്ടുള്ള സംസ്ഥാനങ്ങളെ ഭൂപ്രകൃതിയനുസരിച്ച് തിരിച്ചറിയുന്നതിന്<br>ധാതുവിഭവങ്ങൾ- ഉപദ്വീപീയ പീഠഭൂമി, കൃഷി- ഉത്തരമഹാസമതലങ്ങളിൽ- ഇവ തിരിച്ചറിയുന്നതിന്<br>ധാതുവിഭവങ്ങളുടെ നിക്ഷേപമുള്ള ഉപദ്വീപായ പീഠഭൂമി ഇരുമ്പുരുക്കു വ്യവസായം കേന്ദ്രീകരിച്ചിരിക്കുന്നു എന്ന് തിരിച്ചറിയുന്നതിന്. | 2<br>2<br>1 | 5 |
| 11 | 1215 - മാഗ്നാകാർട്ട<br>1689 - ഇംഗ്ലണ്ടിലെ മനുഷ്യാവകാശ ഉടമ്പടി<br>1789 - ഫ്രഞ്ചു മനുഷ്യാവകാശ പ്രഖ്യാപനം<br>1945 - ഐക്യരാഷ്ട്ര സംഘടന രൂപീകരണം<br>1948 - ആഗോള മനുഷ്യാവകാശ പ്രഖ്യാപനം<br>1993 - മനുഷ്യാവകാശ സംരക്ഷണ നിയമം<br>നിഗമനത്തിലെത്തുന്നതിന്. | ¾<br>¾<br>¾<br>¾<br>¾<br>¾<br>1 ½ | |
| 12 | ഓരോ ഭുവിഭവങ്ങളും ശരിയായ ഭൂപടത്തിൽ രേഖപ്പെടുത്തുന്നതിന് (½ സ്കോർ വീതം)<br>സൂചനകൾ ഓരോന്നും ഏത് ഭൂവിഭാഗത്തെ സൂചിപ്പിക്കുന്നുവെന്ന് തിരിച്ചറിയുന്നതിന് (½ സ്കോർ വീതം) | | 4 |
| 13 | കേരളത്തിലെ വിദ്യാഭ്യാസമേഖല നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തിയിട്ടുണ്ടെങ്കിൽ (ഏതെങ്കിലും രണ്ടെണ്ണം)<br>കണ്ടെത്തിയ പ്രശ്നങ്ങൾക്ക് പ്രായോഗിക നിർദേശം നൽകിയിട്ടുണ്ടെങ്കിൽ | 2<br>3 | 5 |
| 14 | ദേശീയ വരുമാനത്തിന്റെ മന്ദഗതിയിലുള്ള വളർച്ച<br>ജനസംഖ്യാവർദ്ധനവ് എന്ന് കണ്ടെത്തുന്നതിന്<br>സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ<br>പ്രതിരോധ (സൈനിക) ചെലവിലുണ്ടാകുന്ന വർദ്ധനവ്<br>ഈ ആശയങ്ങളിൽ അധിഷ്ഠിതമായ നിഗമനം രൂപപ്പെടുത്തുന്നതിന് | 2<br>2<br>2<br>2<br>2 | 8 |
| 15 | മുതലാളിത്ത- സോഷ്യലിസ്റ്റ് ആശയങ്ങളുടെ ആവിർഭാവത്തിന് വഴിതെളിച്ച സാഹചര്യങ്ങൾ വ്യക്തമാക്കുന്നതിന്.<br>സമാനമായ ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കുന്നതിന് | 2<br>2 | 4 |
| 16 | ഡെബിറ്റ്, ക്രഡിറ്റ് കോളങ്ങൾ തിരിച്ചറിഞ്ഞ് കൃത്യമായി രേഖപ്പെടുത്തുന്നതിന് (½ സ്കോർ വീതം)<br>ആകെ തുക കൃത്യമാക്കുന്നതിന്<br>നീക്കിയിരിപ്പ് കണക്കാക്കുന്നതിന് | 2 ½<br>¾<br>¾ | 4 |
| 17 | B - C<br>ഒന്നാം ലോകമഹായുദ്ധം - ആസ്ട്രിയ, ഹംഗറി<br>യുദ്ധകാല കമ്മ്യൂണിസം - ലെനിൻ<br>1945 - ജപ്പാനിൽ നിരായുധീകരണം<br>1961 - ബൽഗ്രേഡ്<br>പഞ്ചാസാരക്കിണ്ണം - മിസൈൽ പ്രതിസന്ധി<br>പ്യോങ് യാങ് - സിയോൾ<br>12 x ½ | 6 | 6 |
| | | | |

## മൂല്യനിർണയ സൂചകങ്ങൾ

| നം. | | സ്കോർ | ആകെ സ്കോർ |
|---|---|---|---|
| 18 | നിർബന്ധിത കുടിയേറ്റത്തിന്റെ 4 ഉദാഹരണങ്ങളും അവയുടെ കാരണങ്ങളും പട്ടികപ്പെടുത്തുന്നതിന് (1 സ്കോർ വീതം) | 4 | 4 |
| 19 | കൊളാഷ്<br>യു. എൻ. ഒ നേരിടുന്ന ഏതെങ്കിലും 4 പ്രതിസന്ധികൾക്ക് നാല് പ്രത്യേക ഏജൻസികളുടെ പ്രവർത്തനം വ്യക്തമാക്കുന്നതിന് | 4<br>4 | 8 |
| 20 | A, B കോളത്തിലേക്ക് ജല പ്രവാഹങ്ങളെ തെരെഞ്ഞെടുക്കുന്നതിന് (½ സ്കോർ വീതം)<br>അവയുടെ രണ്ടാ സമാനതകൾ രേഖപ്പെടുത്തുന്നതിന് (1 സ്കോർ വീതം)<br>വൈജാത്യം രേഖപ്പെടുത്തുന്നതിന് | 1<br>2<br>2 | 5 |
| 21 | നാടുവാഴികൾ, ദേശവാഴികൾ, കാരാളർ, അടിയാളർ ഇവ ക്രമപ്പെടുത്തിയാൽ<br>കേന്ദ്രീകൃതഭരണത്തിന്റെ ആവശ്യകത വ്യക്തമാക്കുന്നതിന് | 2<br>2 | 4 |
| 22 | മൊത്തവരുമാനം, അറ്റവരുമാനം, തേയ്മാനം ഇവ കണക്കാക്കുന്നതിന് (1 സ്കോർ വീതം) | 3 | 3 |
| | | | |

## Question wise analysis

| Qn. No | CO | Type of Qns. | Mental processes | Score | Time |
|---|---|---|---|---|---|
| 1 | 5, 6, 7 | S. A | 1, 2, 3, 5, 9 | 4 | 6 |
| 2 | 4, 5 | S. A | 1,2,3,4,5,6,7 | 5 | 8 |
| 3 | 1, 2, 3, 4 | S. A | 1, 2, 3, 4, 5, 7 | 4 | 4 |
| 4 | 6 | S. A | 1, 2, 3, 4, 6, 7 | 4 | 6 |
| 5 | 27, 28, 29 | S. A | 1, 2, 3, 4, 5,6, 7 | 4 | 6 |
| 6 | 7 | S. A | 1, 2, 3,5, 6 | 5 | 8 |
| 7 | 24, 25, 26 | S. A | 1, 2, 3, 5, 7 | 4 | 6 |
| 8 | 9 | O | 1, 2, 3, 4, 5, 8 | 3 | 5 |
| 9 | 52, 53, 54, 55 | O | 1, 2, 3, 4 | 2 | 3 |
| 10 | 9, 10, 11, 12, 13 | S. A | 1, 2, 3, 4, 5, 6,7, 9 | 5 | 8 |
| 11 | 67, 68, 69, 70 | O | 1, 2, 3, 4, 5, 7 | 6 | 8 |
| 12 | 9, 10, 11, 12, 13 | Map work | 1, 2, 3, 4, 5,7,8 | 4 | 6 |
| 13 | 44, 45, 46 | S. A | 1, 2, 3, 4, 5, 6,10 | 4 | 6 |
| 14. A<br>14. B | 15,18<br>15, 16 | Essay<br>Essay | 1, 2, 3, 4, 5, 6,10<br>1, 2, 3, 4, 5, 6,10 | 8<br>8 | 12<br>-- |
| 15 | 13, 14, 15, 16 | S. A | 1, 2, 3, 4, 5, 7,10 | 4 | 6 |
| 16 | 28, 29 | O | 1, 2, 3, 4, 5, 7,8 | 4 | 8 |
| 17 | 5, 7, 12, 14, 19 | O | 1, 2, 3, 4, 5, 7,8 | 6 | 9 |
| 18 | 2 | S. A | 1, 2, 3, 4, 5, 6,10 | 4 | 6 |
| 19. A<br>19. B | 16, 17<br>13, 14, 15 | Essay<br>Essay | 1, 2, 3, 4, 5, 6,10<br>1, 2, 3, 4, 5, 6,10 | 8<br>8 | 12<br>-- |
| 20 | 5 | O | 1, 2, 3, 4, 5, 7 | 5 | 8 |
| 21 | 36, 37 | S. A | 1, 2, 3, 4, 5, 7,10 | 4 | 6 |
| 22 | 23, 24 | O | 1, 2, 5, 6 | 3 | 5 |
| | | | **Total** | **100** | **150** |